LIBRARY ARCHIVES Kerala Legislative Assembly

വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും തുടർന്ന് സംഘടിത മേഖലയിൽ ജോലി നൽകുകയും ചെയ്യുന്നു. മൂന്ന് മുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീലന കാലയളവിൽ തൊഴിൽ പരിശീലനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എന്നിവയിലും പരിശീലനം നൽകി എൻസിവിറ്റി/എസ്.എസ്.സി. സർട്ടിഫിക്കറ്റും നൽകുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണ യുവജനങ്ങൾ ആയതുകൊണ്ട് പരിശീലനം പൂർണ്ണമായും സൗജന്യമാണ്. 30,000 പേർക്ക് തൊഴിൽ പരിശീലനം നൽകുവാനാണ് പ്രഥമ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. എല്ലാ ജില്ല കളിലും പഞ്ചായത്ത് പ്രസിഡന്റുമാർക്കും സിഡിഎസ് ചെയർപേഴ്സൺമാർക്കും പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 23 ഏജൻസികൾക്കും പരിശീലനം നടത്തുവാൻ അംഗീകാരം നൽകിയതിൽ നാലെണ്ണം പരിശീലന സെന്ററുകൾ സ്ഥാപിക്കുകയും 'കിറ്റക്സ്' എന്ന സ്ഥാപനം എറണാകുളത്ത് പരിശീലനം ആരംഭിക്കുകയും ചെയ്തു. മറ്റു ഏജൻസികൾ 2015 ജൂൺ മാസം 30-ാം തീയതിയോടെ പരിശീലനം തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിക്കായി 2014-15-ൽ 120 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമായി അനുവദിച്ചു. അതിന്റെ 50% തുകയായ 60 കോടി രൂപ കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്രത്തിന്റെ വിഹിതം 75%-വും സംസ്ഥാനത്തിന്റെ വിഹിതം 25%-വുമാണ്.

ഇന്ദിര ആവാസ് യോജന

15 (1383) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര പദ്ധതിയായ ഇന്ദിര ആവാസ് യോജന പ്രതിസന്ധിയിലായിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര വിഹിതം എത്രയാണ് ; ഈ തുക വെട്ടിക്കുറച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായി എത്ര തുക നൽകുന്നുണ്ട് ; ഈ തുക വിതരണം നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; സംസ്ഥാന സർക്കാർ വിഹിതമായ മൊത്തം കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രതിസന്ധിയിലായിട്ടില്ല.

(ബി) ഐ.എ.വൈ.യുടെ യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. അതിൽ കേന്ദ്ര വിഹിതം 52,500 രൂപയും സംസ്ഥാന വിഹിതം 17,500 രൂപയുമാണ്. വെട്ടിക്കുറച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ (എസ്.സി. ജനറൽ) രണ്ടര ലക്ഷം രൂപ (എസ്.റ്റി) യായി വർദ്ധിപ്പിച്ചിട്ടുണ്ട്. ധനസഹായം വർദ്ധിപ്പിച്ചതുമൂലമുണ്ടായ ബാധ്യതയിൽ സംസ്ഥാന സർക്കാർ വീടൊന്നിന് 50000 രൂപ വഹിക്കുന്നുണ്ട്. ടി തുക പൂർണ്ണമായും നൽകിയിട്ടില്ല. ടി ഇനത്തിൽ ഏകദേശം 400 കോടി രൂപ കുടിശ്ശികയുള്ളതായി കണക്കാക്കപ്പെടുന്നു.

റാന്നി നിയോജകമണ്ഡലത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികൾ

16 (1384) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി റാന്നി നിയോജമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വർഷം, പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly